# ഗവ: യു.പി.സ്കൂൾ

# കല്ലാച്ചി

## അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 -26

# കല്ലാച്ചി ഗവ: യു. പി സ്കൂൾ
# അക്കാദമിക് മാസ്റ്റർ പ്ലാൻ

സ്കൂളിന്റെ പേര് : കല്ലാച്ചി ഗവ: യു പി സ്കൂൾ

വില്ലേജ്/വാർഡ് : നാദാപുരം

പഞ്ചായത്ത് : നാദാപുരം

ബ്ലോക്ക് : തൂണേരി

ബി.ആർ സി : തൂണേരി

പ്രധാന അധ്യാപകൻ : രവി എം

പി.റ്റി എ പ്രസിഡണ്ട് : അനൂപ് സി ടി

എം. പി.റ്റി എ : ഷിംന

എസ്. എം സി. ചെയർമാൻ : സി കെ ശശി

## ആമുഖം

ഒരു നാടിന്റെ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ പുരോഗതിയെ നിർണ്ണയിക്കുന്നത് അവിടുത്തെ പൊതു വിദ്യാലയങ്ങളാണ്. കല്ലാച്ചി എന്ന പ്രദേശത്തെ ജനങ്ങൾക്ക് തലമുറകളായി അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു നൽകിയ സ്കൂളിന്റെ ചരിത്രം ഈ പ്രദേശത്തിന്റെ സാംസ്കാരിക മാറ്റത്തിന്റെ ചരിത്രം കൂടിയാണ്. 1925ൽ ഒരു ഓല മേഞ്ഞ ഷെഡിൽ കുറ്റിപ്രം എലമെന്ററി സ്കൂൾ എന്ന പേരിൽ പ്രവർത്തനം തുടങ്ങിയ പ്രസ്തുത സ്കൂൾ ഇന്ന് അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ബഹുനില കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കാലാനുസൃതമായ മാറ്റങ്ങൾക്ക് വിധേയമായി നല്ലവരായ നാട്ടുകാരുടേയും, സേവന മനസ്കരായ അധ്യാപകരുടേയും പ്രതിബദ്ധനരായ വിദ്യാർത്ഥികളുടേയും കൂട്ടായ പ്രവർത്തനങ്ങളുമായി ഈ വിദ്യാലയം അഭിമാനകരമായ നേട്ടങ്ങളുമായി മുന്നേറിക്കൊണ്ടിരിക്കുകയാണ്.

ഹെഡ് മാസ്റ്റർ ഉൾപ്പെടെ 22 അധ്യാപകരും ഒരു ഓഫീസ് അറ്റൻഡറും, 3 പ്രീ പ്രൈമറി ജീവനക്കാരും 2 പാചകത്തൊഴിലാളികളും ഇപ്പോൾ ഇവിടെ ജോലി ചെയ്തു വരുന്നു. 507 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്കൂളിൽ എൽ പി വിഭാഗത്തിൽ 2 ഡിവിഷൻ വീതവും യുപി വിഭാത്തിൽ അഞ്ചാതരത്തിൽ 3 ഡിവിഷനും ആറ് ഏഴ് ക്ലാസ്സുകളിൽ 4 ഡിവിഷൻ വീതവുമുണ്ട്. കൂടാതെ 45 കുട്ടികൾ ഉള്ള പ്രീ- പ്രൈമറി ക്ലാസുകളും പ്രവർത്തിക്കുന്നുണ്ട്.

**പൊതു ലക്ഷ്യങ്ങൾ**

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതതു ക്ലാസുകളിൽ നേടേ പഠന ശേഷി കൈവരിച്ചു എന്ന് ഉറപ്പുവരുത്തൽ
- കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികവും കായിക പരവുമായ കഴിവുകൽ പ്രോത്സാഹിപ്പിക്കുകയും അവരെ ദേശീയ അന്തർ ദേശീയ തലത്തിൽ ശ്രദ്ധേയകരമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക
- ജനാതിപത്യ സമൂഹം പ്രതീക്ഷിക്കുന്ന മൂല്യങ്ങളും നിലപാടുകളും അറിവിന്റെ പ്രയോഗ ശേഷിയും പെരുമാറ്റ രീതികളും കുട്ടികളെ ബോധ്യപ്പെടുത്തുന്ന പ്രവർത്തനങ്ങളിലൂടെ കുട്ടികളെ ഉത്തമ പൗരന്മാരാക്കുക.
- എല്ലാ കുട്ടികളും 100 ശതമാനം അറിവും കഴിവും നേടി അതാത് പ്രായ ഘട്ടത്തിനനുസൃതമായി നേടേ ശേഷികളും കഴിവുകളും നേടിയെടുക്കുക
- ജൈവ വൈവിധ്യ സം രക്ഷണത്തിന്റെ പാഠം ഉൾക്കൊ ുകൊ ് സമൂഹത്തിൽ പാരിസ്ഥിതികാവബോധം വളർത്തുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ജൈവവൈവിധ്യ പാർക്കായി സ്കൂൾ കാമ്പസ് മാറ്റിയെടുക്കുന്നു.
- ഗൃഹസന്ദർശനം, പൂർവ അധ്യാപക വിദ്യാർഥി സംഘം രൂപീകരിച്ച് പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ മികച്ചതാക്കി മാറ്റുക.
- പഠന വിടവ് നികത്തുന്നതിനുള്ള പരിഹാര ബോധന പ്രവർത്തനം നടത്തുക

**പ്രതിസന്ധികളും പരിമിതികളും**

1. ആവശ്യാനുസരണം ഡിജിറ്റൽ ക്ലാസ് മുറികൾ
2. കമ്പ്യൂട്ടറുകളുടേയും, പ്രൊജക്റ്ററുകളുടേയും അഭാവം
3. കുട്ടികളിലെ സർഗ്ഗ വാസനകളും, കലാകായിക ക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള ടാലന്റ് ലാബ്, കളിസ്ഥലം, ചിൽഡ്രൻസ് പാർക്ക്
4. യാത്രാ സൗകര്യം

5. ഭക്ഷണ മുറി– ഉച്ചഭക്ഷണം ഇരുന്നു കഴിക്കാനുള്ള സൗകര്യം
6. ലാബ് സൗകര്യം(സയൻസ്, സോഷ്യൽ സയൻസ്, ഗണിതം ഭാഷ)
7. കലാ മത്സരങ്ങളും സെമിനാറുകളും, പ്രദർശനങ്ങളും മറ്റും നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങൾ

# L.P വിഭാഗം

# മലയാളം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | അടിസ്ഥാന ഭാഷാ പഠന നേട്ടങ്ങളുടെ ശാക്തീകരണത്തിന് | ''ലളിതം മധുരം'' അക്ഷരചിത്രങ്ങൾ, ചിഹ്നങ്ങൾ, പദകാർഡ്, ചിത്രചാർട്ട്, വായനകാർഡ് | ഡിസംബർ മാർച്ച് 2 വർഷം | ഭാഷാധ്യാപകർ SSG |
| 2 | വായന വിപുലീകരിക്കൽ | ശിശു സൗഹൃദ ലൈബ്രറി, വായന ക്ലബ്, വായനാ കുറിപ്പ് തയ്യാറാക്കൽ, പുസ്തക ചന്ത | 2 വർഷം | ഭാഷാധ്യാപകർ |
| 3 | രചനാശേഷി വിപുലപ്പെടുത്തൽ | വർണ്ണം 21, രചനാ ക്യാമ്പ്, പതിപ്പ് നിർമ്മണം | 2 മാസം | ഭാഷാധ്യാപകർ |
| 4 | സർഗ്ഗശേഷി വികസിപ്പിക്കൽ | ''സർഗ്ഗ വേദി'' | 2 വർഷം | ഭാഷാധ്യാപകർ |

# ENGLISH

| | AIM | ACTIVITY | PROCESS | |
|---|---|---|---|---|
| 1 | Empowering English vocabulary | Word Hunting | • Familiarizing word<br>• Reads individually<br>• Word Web<br>• Word chain<br>• Picture card<br>• Picture chart | |
| 2 | Empowering English Language | English Fest | • English Library corner<br>• News corner<br>• ICT English channel<br>• My on Dictionary | |
| 3 | To solve issues regarding learning English | Ecube- Language Lab | | |

# ഗണിതം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത വസ്തുതകളിൽ താല്പര്യം വളർത്തുന്നതിന് | ''ഗണിതം മധുരം'' ഗണിത വസ്തുതകൾ ലളിതമായും മധുരമായും മനസ്സിലാക്കുവാൻ സഹായിക്കുന്ന തരത്തിൽ | 2 വർഷം | ഗണിത ക്ലബ് ഗണിത അധ്യാപകർ |
| 2 | അപഗ്രഥന നിഗമന ശേഷി കൈവരിക്കുന്നതിന് | ''സ്കൂൾ ഗണിത ലാബ്'' ഒരുക്കൽ | | ഗണിത ക്ലബ് |
| 3 | യുക്തി ചിന്ത വളർത്തുന്നതിന് | അധ്യാപനത്തിൽ പഠനോപകരണങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തൽ ''ഗണിത കേളികൾ ഉൾപ്പെടുത്തൽ'' | ഗണിത ശില്പശാല | ഗണിത അധ്യാപകർ |

# EVS

| | ലക്ഷ്യങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | | |
|---|---|---|---|---|
| 1 | ''പരിസ്ഥിതിയിൽ നിന്ന് പരിസ്ഥിക'' എന്ന വിശാല പഠന ലക്ഷ്യം കൈവരിക്കുന്നതിന് | ''ചൂട്ട്'' പഠനക്യാമ്പ്<br>''ഫീൽഡ് ട്രിപ്പ്'' | | |
| 2 | പരിസ്ഥിതി സം രക്ഷണ സാമൂഹ്യ നന്മ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ മൂല്യങ്ങൾ നേടിയെടുക്കുന്നതിന് | നാട്ടുകൂട്ടം<br>അഭിമുഖം<br>പൂന്തോട്ടം | | |

# U.P വിഭാഗം

# ഗണിതം

| | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | | |
|---|---|---|---|---|
| 1 | കുട്ടികളുടെ ഗണിതാഭിരുചി വർദ്ധിപ്പിക്കൽ | ഗണിത പസിൽ, ഗണിത ലൈബ്രറി, ഗണിത മൂല, ഗണിത ലാബ്, ഗണിത ശസ്ത്രമേള | | |
| 2 | ഗണിതത്തിലെ അമൂർത്ത ആശയങ്ങൾ ലളിതവൽ ക്കരിക്കൽ | സ്കൂൾ ബിൽഡിംഗ് ക്ലാസ് ചുവരുകൾ, ജനാല ഇവ ഗണിത ആശയങ്ങൾ ദൃശ്യവൽ ക്കരിക്കുന്ന വിധം ചിത്രീകരിക്കുക | | |
| 3 | ജ്യാമിതി രൂപങ്ങളെ പരിചയപ്പെടുത്തൽ | ജൈവ വൈവിധ്യ പാർക്ക്, കുളം മുതലായവ വിവിധ ജ്യാമിതീയ രൂപങ്ങളിൽ രൂപകൽപ്പന ചെയ്യുന്നു. ജ്യോമെട്രിക്കൽ പാറ്റേൺ പ്രദർശിപ്പിക്കൽ ശില്പശാല, ഗണിത ക്വിസ് | | |
| 4 | പിന്നോക്ക വിദ്യാർത്ഥികൾക്ക് അഭിരുചി വർദ്ധിപ്പിക്കാനുള്ള പ്രവർത്തനം | • ടാലന്റ് ലാബ്<br>• ഗണിത ലൈബ്രറി<br>• ഐ. ടി പ്രവർത്തനം<br>• മാസിക<br>• വിദഗ്ദ്ധരെ ഉപയോഗിച്ചുള്ള പരിശീലനം<br>• ഗണിത ക്ലബ് | | |

| | | | | |
|---|---|---|---|---|
| | | • ഗണിത വർക്ക് ഷോപ്പ്<br>• പഠന വിടവ് നേരിടുന്നവർക്കും പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കും ''സമഗ്ര'' എന്ന പേരിൽ പരിശീലന പരിപാടി<br>• ഓരോ കുട്ടിക്കും digital profile തയ്യാറാക്കുന്ന പ്രവർത്തനം | | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **Lend Your Ear-** ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | **Follow Me If You Can!** ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Breaking News** ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Missing Man** അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Treasure Hunt** വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **Meet the Foreigner** തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **One Man Show** ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | **I Too Can !!** വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Leaning Ladder** പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | **F.M. Corner** വ്യത്യസ്തമായ കഥകൾ **Reader's Theatre** റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | **Reader of the Month** ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. **Reader of the Month** നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

# മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **My Droplets** കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Run Baby Run** ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | **Fun time Funda** കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | **The Grand Camp** ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് **Role play** നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

## മലയാളം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുകയാണ്. കേരളത്തിലെ ഓരോ പൊതുവിദ്യാലയവും അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി വിഷയാധിഷ്ഠിതമായി സ്കൂളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി ജനപ്രതിനിധികൾ, അധ്യാപകരക്ഷാകർതൃസമൂഹം, പൂർവ്വ അധ്യാപക വിദ്യാർത്ഥികൾ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയ ചർച്ചയ്ക്ക് ശേഷം നൽകിയ വികസന പദ്ധതിയാണിത്.

**പ്രശ്നങ്ങൾ:**

- പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ ശേഷികളും നേടാൻ കുട്ടികൾക്ക് കഴിയുന്നില്ല.
- ഐ.സി.ടി യുടെ ഉപയോഗത്തിലുള്ള കുറവ്.
- വീട്ടിലെ പഠനാന്തരീക്ഷം

**കാരണങ്ങൾ:**

- മുൻക്ലാസുകളിൽ നേടേണ്ട ശേഷികളുടെ അപര്യാപ്തത
- വായനയുടെ കുറവ്
- സ്വയം വിലയിരുത്തി മെച്ചപ്പെടുത്തുവാനുള്ള കഴിവില്ലായ്മ

| കാരണങ്ങൾ | പരിഹാരം |
| --- | --- |
| അക്ഷരങ്ങളും ചിഹ്നങ്ങളും ശരിയായ രീതിയിൽ എഴുതാനും വായിക്കാനുമുള്ള ബുദ്ധിമുട്ട്<br><br>**അധ്യാപകർ**<br>പഠനസാമഗ്രികളുടെ അഭാവം<br>ഐ.സി.ടി വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താനുള്ള അസൗകര്യം<br>പ്രക്രിയാബന്ധിത ആസൂത്രണത്തിന്റെ അഭാവം<br><br>**രക്ഷിതാക്കൾ**<br>സാമ്പത്തികം<br>കുട്ടിയുടെ പഠനനിലവാരം തിരിച്ചറിയാൻ കഴിയുന്നില്ല.<br>വീട്ടിലെ പഠനാന്തരീക്ഷം | രക്ഷിതാക്കൾക്ക് ബോധവത്ക്കരണം<br>ക്ലാസ്സ് ലൈബ്രറി<br>അധ്യാപകകൂട്ടായ്മ<br>പഠനോപകരണ നിർമ്മാണം<br>അടിസ്ഥാന ശേഷിവികസന പരിപാടികൾ<br>പ്രാദേശികപാഠങ്ങൾ രൂപപ്പെടുത്തൽ<br>പഠന തന്ത്രങ്ങളുടെ ആസൂത്രണം |

# സോഷ്യൽ സയൻസ്

സമൂഹത്തിന്റെ വികാസ പരിണാമങ്ങൾ അറിയുവാനും സമൂഹത്തെ മെച്ചപ്പെടുത്താനുമുള്ള കൂട്ടായ പരിശ്രമത്തിൽ തന്റെ പങ്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുകയാണ് സാമൂഹ്യ ശാസ്ത്ര പഠനത്തിന്റെ ലക്ഷ്യം ജനാധിപത്യബോധം, മതനിരപേക്ഷ ചിന്ത, ദേശീയ ബോധം സഹിഷ്ണുത, സംഘബോധം, പ്രതികരണ ശേഷി, സഹകരണബോധം തുടങ്ങിയ മൂല്യങ്ങൾ വളർത്താനും സാമൂഹ്യശാസ്ത്ര പഠനം സഹായിക്കുന്നു. സാമൂഹ്യശാസ്ത്ര പഠനം നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്.

| കാരണങ്ങൾ | പരിഹാരം |
|---|---|
| കുട്ടികൾ<br>1. ചരിത്ര പഠനത്തോടുള്ള താല്പര്യക്കുറവ്<br>2. വായനയിലുള്ള പിന്നോക്കാവസ്ഥ | ഫീൽഡ് ട്രിപ്പ്, ശേഖരണങ്ങൾ, പതിപ്പുകൾ തയ്യാറാക്കൽ എസ്.എസ് ലൈബ്രറി പ്രയോജനപ്പെടുത്തൽ |
| **അധ്യാപകൻ**<br>ബോധന രീതിയിലുള്ള പോരായ്മ<br>വിഷയത്തിന്റെ വ്യാപ്തി (ഉള്ളടക്കം) | ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ ഫീൽഡ് ട്രിപ്പ്, സംവാദം, സെമിനാർ, പ്രോജക്ട് തുടങ്ങിയ തന്ത്രങ്ങൾ സ്വീകരിക്കൽ. |
| **രക്ഷിതാക്കൾ**<br>കുട്ടികൾക്ക് വേണ്ട മാർഗനിർദ്ദേശം നൽകാനോ പഠനനിലവാരം വിലയിരുത്താനോ കഴിയുന്നില്ല. | പഠന വീടുകൾ, സംഘടിപ്പിക്കുക, സി.പി.ടി.എ യിലൂടെ നിർദ്ദേശം നൽകുക. |
| **ഭൗതികം - പ്രശ്നം**<br>ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത<br>സ്മാർട്ട് ക്ലാസ്സ്<br>കെട്ടിടങ്ങൾ (ലാബ്, മ്യൂസിയം) | ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക (ആവശ്യമായ കെട്ടിടങ്ങൾ/ഉപകരണങ്ങൾ ലഭ്യമാക്കുക) |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| കുട്ടികളിൽ ചരിത്രബോധം സൃഷ്ടിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ | സ്കൂളിൽ ഒരു ചരിത്രമ്യൂസിയം ഒരുക്കൽ<br>പുരാവസ്തു ശേഖരണം പ്രദർശനം<br>ആൽബങ്ങൾ നിർമ്മിക്കൽ<br>അഭിമുഖം - ചരിത്രകാരന്മാർ<br>സ്വതന്ത്രസമര സേനാനികൾ<br>ഫീൽഡ് ട്രിപ്പുകൾ<br>പഠനയാത്രകൾ<br>സിനിമ, നാടകം,സ്കിറ്റ്, ക്വിസ്, പ്രസംഗം<br>സാമൂഹ്യ ശാസ്ത്രലാബ്<br>പ്രാദേശിക ചരിത്രരചന<br>പതിപ്പുകൾ തയ്യാറാക്കൽ | 3 വർഷം<br>ജൂൺ - മാർച്ച് | എസ്.എസ്.എ<br>പി.ടി.എ<br>പഞ്ചായത്ത്<br>പി.ടി.എ | എസ്. എം. സി<br>പി.ടി.എ<br>എസ്.എം.സി<br>ക്ലബ്ബ് |
| ജനായിപത്യം,മതേതരത്വം, ദേശീയ ബോധം തുടങ്ങിയ മൂല്യങ്ങൾ വളർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക. | സെമിനാറുകൾ<br>ദിനാചരണങ്ങൾ<br>ചരിത്ര ലൈബ്രറി ഒരുക്കൽ<br>പ്രഭാഷണങ്ങൾ<br>ആഘോഷങ്ങൾ സംഘടിപ്പിക്കൽ | ജൂൺ - മാർച്ച്<br>2018 - 2019 വർഷം<br>ജൂൺ - മാർച്ച് | പി.ടി.എ<br>എസ്.എം.സി | എസ്. എസ്. ക്ലബ്ബ് |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| പ്രപഞ്ചപ്രതിഭാസങ്ങളെക്കുറിച്ചുളള ധാരണ ഉളവാക്കൽ | ഡിജിറ്റൽ ആൽബം തയ്യാറാക്കൽ<br>5. പ്രപഞ്ചം എന്ന മഹാത്ഭുതം<br>6. വൈവിധ്യങ്ങളുടെ ലോകം<br>7. യൂറോപ്പ് പരിവർത്തന പാതയിൽ<br>ആൽബ നിർമ്മാണം (വ്യക്തിഗതം)<br>സാമൂഹ്യശാസ്ത്ര ലാബ് - ഒരുക്കൽ<br>മോഡലുകൾ തയ്യാറാക്കൽ<br>നക്ഷത്ര നിരീക്ഷണ ക്ലാസ്സ്<br>ഡിജിറ്റൽ ലൈബ്രറി - തയ്യാറാക്കൽ | 3 വർഷം<br>ജൂൺ - ഡിസംബർ<br>2018 - 2019<br>3 വർഷം<br>ഫെബ്രുവരി<br>2018 - 2019 | പി.ടി.എ<br>എസ്.എം.സി<br>പി.ടി.എ | എസ്. എസ് ക്ലബ്ബ്<br>അധ്യാപകർ<br>പി.ടി.എ |
| മനുഷ്യന്റെ ഇടപെടലുകൾ ഭൗമ പരിസ്ഥിതിയിൽ വരുത്തുന്ന മാറ്റങ്ങൾ തിരിച്ചറിയുകയും പരിസ്ഥിതി സംരക്ഷണത്തിൽ പങ്കാളികളാകുന്നു. | പ്രോജക്ടുകൾ<br>സർവ്വേ<br>സെമിനാറുകൾ<br>ഡിബേറ്റുകൾ<br>ബോധവൽക്കരണ ക്ലാസ്സുകൾ<br>ബുളളറ്റിൻ ബോർഡുകൾ | ജൂൺ - മാർച്ച് | പി.ടി.എ | എ.എം.സി |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| പ്രാദേശിക വിഭവങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കൽ | പ്രാദേശിക ഭൂപട നിർമ്മാണം<br>പ്രദേശിക ചരിത്രരചന ഫീൽഡ് ട്രിപ്പ്<br>അഭിമുഖം<br>പതിപ്പുകൾ തയ്യാറാക്കൽ | ജൂൺ - മാർച്ച് | പി.ടി.എ | അധ്യാപകർ<br>പി.ടി.എ |
| പൗരന്റെ അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും ബോധവാൻമാരാകുകുന്നു. | പാർലമെന്റ് ഇലക്ഷൻ<br>സ്കൂൾ പാർലമെന്റ് കൂടൽ ചുമതലാ വിഭജനം | ജൂൺ<br>ജൂൺ - മാർച്ച് | | എസ്.എസ് ക്ലബ്ബ് |
| ജനതാ, രാഷ്ട്രം, ഭരണക്രമം എന്നിവയെക്കുറിച്ചുള്ള പഠനം സാധ്യമാക്കുന്നു. | ചുമർ പത്രിക നിർമ്മാണം<br>പതിപ്പുകൾ തയ്യാറാക്കൽ | | | അധ്യാപകർ |

**മേഖല: അക്കാദമികം** **ഉപമേഖല: കല, കായിക പ്രശ്നങ്ങൾ**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം ഏജൻസി |
|---|---|---|---|---|
| കുട്ടികളിൽ മൂല്യബോധവും കലാബോധവും വളർത്തുക | കുട്ടികളിലെ കഴിവുകൾ കണ്ടെത്താൻ മത്സരങ്ങൾ നടത്തുക<br>ശില്പശാലകൾ, നാടകക്കളരി ചിത്രകലാ ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക | ദീർഘകാലം | കലാകായിക അധ്യാപകർ<br>SRG<br>SMC | PTA |
| എല്ലാകുട്ടികളുടെയും സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.<br>ടാലന്റ് ലാബ് രക്ഷിതാക്കൾക്കും കലാപരമായ കഴിവ് വികസിപ്പിക്കാനുള്ള അവസരങ്ങൾ സംഘടിപ്പിക്കുക | കുട്ടികളുടെ രചനകളും, നിർമ്മാണങ്ങളുടെയും പ്രദർശനം, ക്ലാസ്സുകൾ<br>ടാലന്റ് സെർച്ച് പരിപാടികൾ മികച്ച കലാകരൻമാരുമായ് അഭിമുഖം നടത്തുവാനുള്ള അവസരം | ദീർഘകാലം | | BRC<br>PTA<br>SMC |
| കലാ, കായിക പ്രവർത്തി പരിചയങ്ങളെ സ്കൂളിലെ പഠനപ്രവർത്തനങ്ങളും മറ്റു പ്രവർത്തനങ്ങളുമായ് ഏകോപിപ്പിക്കുക | രചനാമത്സരങ്ങൾ<br>സ്കൂൾ റേഡിയോ, ടി.വി പ്രോഗ്രാമുകൾ<br>രക്ഷിതാക്കൾക്കും രചനാമത്സരങ്ങൾ<br>സൈക്കിൾ, നീന്തൽപരിശീലനം | ഹ്രസ്വകാലം | | |

Downloaded from: https://textbooksall.blogspot.com/

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനിക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

# हिंदी
# अकादमिक
# मास्टर प्लान

जी यू पी एस
कल्लाची

# भूमिका

केरल राज्य शिक्षा के क्षेत्र में काफी आगे हैं। इस कार्य में अध्यापकों की भागीदारी बहुत बड़ी है। हिंदी भारत की राष्ट्रभाषा है। हिंदी भाषा भारत की आत्मा है। केरल के विद्यालयों में भी हिंदी भाषा को उतना ही महत्व देकर पढ़ाते हैं। उसकी श्रेष्ठता बनाए रखने का काम हम अध्यापकों पर निर्भर है। हर विद्यालय का अपना-अपना स्तर होता है। हमारे विद्यालय में जो साधन उपलब्ध हैं उसकी सहायता से हम बच्चों को पूरी शिक्षा का माहौल प्रदान करने की कोशिश में हैं। विद्यालय का माहौल और पाठ्य प्रक्रिया को मजेदार करके ही हम इस शैक्षिक प्रक्रिया को सफल बना सकेंगे। छात्रों की भागीदारी उसमें होनी चाहिए। कक्षा-कार्य के साथ छात्रों की कला-अभिरूचि को बढ़ावा देना भी ज़रूरी है। शिक्षा संबंधी कार्यों को सुस्थिर बनाने के लिए हमें विद्यालय के पुस्तकालय का उचित उपयोग भी करना है। साथ ही अध्यापकों को 11 का उचित उपयोग करने की खूबी भी होनी चाहिए।

# विद्यालय की खूबी

## खूबी

1 पढ़ने का अच्छा माहौल

2 पुस्तकालय

3 कम्प्यूटर लाब

4 यात्रा सुविधा

5 स्मार्ट क्लास रूम

6 श्रेष्ठ अध्यापक गण

| महीना | गतिविधियाँ |
|---|---|
| 1. जून 5 पर्यावरण दिवस | 1. पेड़ पौधों का वितरण, पोस्टर, प्रतिज्ञा |
| 2. जून 19 वाचन दिवस | 2. वाचन कार्ड का वाचन, पोस्टर, उद्घोषण |
| 3. जून 26 लोक नशा-निषेध दिवस | 3. पोस्टर, प्रतिज्ञा, नारे, भाषण |
| 4. जुलाई 31 मुंशी प्रेमचंद जयंती | 4 पोस्टर, पेंसिल ड्राइंग |
| 5. अगस्त 15 स्वतंत्रता दिवस | 5. पोस्टर देश भक्ति गीत, संकेत पट |
| 6. सितम्बर 5 अध्यापक दिवस | 6. भाषण, पोस्टर, टिप्पणी लेखन, प्रश्नोत्तरी, चित्र रचना |
| 7. सितम्बर 14 हिंदी दिवस | 7. पोस्टर, कविता रचना, नाटक, चित्र रचना, पत्र रचना, कवितालापन |
| 8. ओक्टूबर 2 गांधी जयंती | 8. पोस्टर, भाषण, पेंसिल ड्राइंग |
| 9. नवंबर 1 केरल का जन्मदिन | 9. पोस्टर, केरल से संबंधित गीत सुनाना, केरल के नक्शे की रचना |
| 10. नवंबर 14 बाल दिवस | 10. नेहरू टोपी निर्माण, पोस्टर |
| 11. दिसंबर 25 क्रिस्थमास | 11. क्रिस्थमास कार्ड निर्माण |
| 12. जनवरी 26 गणतंत्र दिवस | 12. पोस्टर, भाषण, ड्राइंग |

# उपसंहार

उपर्युक्त गतिविधियों के आधार पर विद्यालय में स्तरानुकूल कार्यक्रम चलाएँगे। हरेक छात्र की भागीदारी का ख्याल रखेंगे। हिंदी भाषा का पोषण करने के लिए विद्यालय में दिनाचरण के अवसर का पूरा फायदा उठाएँगे। साथ ही पाठ्य प्रक्रिया का भी उचित प्रयोग करेंगे। इन प्रयोगों का एक ही लक्ष्य है- हिंदी भाषा का आर्जन।

അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല : അക്കാദമികം U.P. ഉപമേഖല : സംസ്കൃതം.

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം. |
|---|---|---|---|---|
| * എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ. | * ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>* പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ | | | |
| * അക്ഷരങ്ങളും പദങ്ങളും അർത്ഥങ്ങളും ഉറപ്പിക്കുക. | * പതിപ്പുകൾ മാഗസിനുകൾ | | | |
| * കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക. | * രചനാ ശില്പശാലകൾ<br>* സംസ്കൃത ദിനാചരണം / അസംബ്ലി<br>* ഒഴിവു സമയങ്ങളിൽ പ്രത്യേക ക്ലാസ്. | | | |
| * എല്ലാ കുട്ടികളും അർത്ഥ പൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പ് വരുത്തുക. | * വായനാമൂല, പദബാങ്ക് നിഘണ്ടു നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ. | പുസ്തകങ്ങൾ ചിത്രങ്ങൾ etc. | |
| * സാഹിത്യാദിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ. | മാഗസിൻ നിർമ്മാണം<br>ദിനാചരണങ്ങൾ<br>പോസ്റ്റർ നിർമ്മാണം<br>കഥ, ഉപന്യാസം രചന അവതരണം. | | | |
| * ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. | * കഥ, കവിത, സുഭാഷിതങ്ങൾ ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
## Project

* സംസ്കൃതം ലൈബ്രറി.

സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ ജീവചരിത്രഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

* സംസ്കൃത ദിനാചരണം

സംസ്കൃതദിനം വിവിധ പരിപാടികളോടെ ആചരിക്കൽ.

* സംസ്കൃത അസംബ്ലി.

വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി.

* വിവിധ മത്സരങ്ങൾ

കഥാരചന കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

* മികച്ച വിദ്യാർത്ഥികൾക്ക് മത്സരപരീക്ഷകൾക്കുള്ള പ്രത്യേകപരിശീലനം

സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു.എസ്. എസ് പരീക്ഷ രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേകം പരിശീലനം നൽകൽ.

# അക്കാദമിക് മാസ്റ്റർ പ്ലാൻ (ഉറുദു) - 2025-26

UP തലം

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | ഉറുദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ ബാലമാസികകൾ ഉറുദു പത്രങ്ങൾ വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങൾ | ഉർദു അധ്യാപകർ | | |
| 2 | മേരാ അൽഫാസ് ഉറുദു കയ്യെഴുത്ത് മാഗസിൻ | രചനാശേഷി വളർത്തൽ, ഉറുദുവിൻ വികാസവും ഭംഗിയുമുള്ളതുമായ കൈയെഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും. കുട്ടികളിലെ സർഗാത്മകത വളർത്തിയെടുക്കൽ കയ്യെഴുത്ത് മാസിക വായനകാർഡ് നിർമ്മാണം. | ഡിസം/ജനു | ഉറുദു അധ്യാപകർ | | |
| 3 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | ഉറുദു അധ്യാപകർ | | |
| 4 | പൊതുവിജ്ഞാനം | പൊതുവായും ഉറുദു വിഷയവുമായി പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ഡിസം / പ്രോജക്ട് | ഉറുദു അധ്യാപകർ | | |

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഫലം | കാലയളവ് | ഫണ്ട് | ചുമതല | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 5 | ഉറുദു ക്ലബ്ബ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും കവിത കഥ, ഉപന്യാസ ക്യാമ്പുകൾ നടത്തുക, ഉറുദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | | ഉറുദു അധ്യാപകർ | |
| 6 | ഉറുദു ദിനം | ടാലന്റ് മീറ്റ്, അക്ഷരമരം, ഭാഷാ സെമിനാർ എന്റെ പതിപ്പ് ~~[illegible]~~ | അതത് ദിനത്തിൽ | | ഉറുദു അധ്യാപകർ | |
| 7 | ദിനാചരണങ്ങൾ | ഭാഷാസ്നേഹം വളർത്തുന്നതിനുതകുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ | അതത് ദിനത്തിൽ | | ഉറുദു അധ്യാപകർ | |
| 8 | ഉറുദു സാഹിത്യത്തെ പരിചയപ്പെടുത്തൽ | ഉറുദു സാഹിത്യ ഗ്രന്ഥങ്ങളെയും ഉറുദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക. ഉറുദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക. | വർഷത്തിൽ ഒന്ന് | | ഉറുദു ക്ലബ്ബ് | |

# UP ARABIC MASTER PLAN

| | ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ സാമ്പത്തികം |
|---|---|---|---|---|---|
| | സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പ് വരുത്തുക.<br><br>ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക.<br><br>കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.<br><br>വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കാനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക.<br><br>വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br><br>ഭാഷ പഠനത്തിൽ ഐ.ടി. യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.<br><br>സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക.<br><br>ഉൾച്ചേർന്ന വിദ്യാഭ്യാസം അനുരൂപങ്ങളിലൂടെ നടത്തുക. | 1. മികവിന്റെ വഴിയിൽ<br>➢ പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക.<br>➢ മുന്നറിവ് പരിശോധിക്കൽ.<br>➢ അക്ഷരങ്ങൾ ഉറപ്പിക്കൽ.<br>➢ വാചകങ്ങൾ നിർമ്മിക്കൽ.<br>➢ ഭാഷാ കളികൾ.<br>➢ അറബിക് കാലിഗ്രാഫി. | 2 Months | പുസ്തകങ്ങൾ.<br>വർക്ക്ഷീറ്റുകൾ.<br>സിഡികൾ. | BRC<br>LSG<br>SMC<br>PTA |
| | | 2. വായനാവസന്തം<br>➢ വായന മത്സരം.<br>➢ ക്ലാസ് ലൈബ്രറി.<br>➢ സ്കൂൾ ലൈബ്രറി.<br>➢ വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>➢ വായന കുറിപ്പുകൾ.<br>➢ അറബിക് പത്രവായന / റേഡിയോ. | 6 Months | പത്രങ്ങൾ.<br>മാഗസിനുകൾ.<br>പുസ്തകങ്ങൾ.<br>സ്കൂൾ ലൈബ്രറി. | BRC<br>LSG<br>SMC<br>PTA<br>OSF |
| | | 3. എഴുത്തുവസന്തം<br>➢ എഴുത്തുകൂട്ടം.<br>➢ പതിപ്പുകളുടെ നിർമ്മാണം.<br>➢ വായന കുറിപ്പ് ശേഖരണം.<br>➢ ഇൻലന്റ് മാഗസിൻ.<br>➢ ചുമർ പത്രങ്ങൾ , പോസ്റ്ററുകൾ<br>➢ ഭാഷാ കളികൾ. | 12 Months | അസംബ്ലി.<br>ചാർട്ടുകൾ.<br>പത്രങ്ങൾ. | PTA<br>BRC<br>DIET |
| | | 4. അറബിക് കമ്മ്യൂണിക്കേഷൻ<br>➢ ആശയ വിനിമയ വേദി.<br>( ക്ലാസ്തലം , സ്കൂൾതലം )<br>➢ മൊബൈൽ ലിസണിങ്, സ്പീക്കിങ്.<br>➢ യാത്രകൾ.<br>➢ അറബിക് മേള ( നാടകം, മോണോ ആക്ട്, പ്രസംഗം, സംഭാഷണം. )<br>➢ ഭാഷാ കളികൾ , അറബിക് അസംബ്ലി.<br>➢ ഭാഷാ പ്രദർശനം.<br>➢ ഭാഷാ ക്യാമ്പ്. | 24 Months | ഐ.ടി.സി.<br>പുസ്തകങ്ങൾ.<br>സിഡികൾ. | BRC<br>LSG<br>SMC<br>PTA |
| | | 5. ലാംഗ്വേജ് ലാബ്<br>➢ സ്മാർട്ട് ക്ലാസ്റൂം.<br>➢ അറബി ഭാഷാസാഹിത്യ ശേഖരങ്ങൾ.<br>➢ ചിത്രീകരണങ്ങൾ.<br>➢ ആനിമേഷൻ.<br>➢ സോഷ്യൽ മീഡിയ ആക്ടിവിറ്റീസ്. | 36 Months | | BRC<br>LSG<br>SMC<br>OSF |